## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1266    20.03.2012 ൽ മറുപടിക്ക്**

| പൂർത്തീകരിക്കാത്ത പദ്ധതികൾ | |
|---|---|
| ചോദ്യം<br>ശ്രീ. സാജു പോൾ : | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരാർ നൽകിയിരുന്നതിൽ പണി പൂർത്തീകരിക്കാത്ത പദ്ധതികൾ എത്ര എണ്ണം ഉണ്ടെന്നറിയിക്കാമോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) പൊതുമരാമത്ത് വകുപ്പിൽ ആകെ 397 പണികൾ. വിഴിഞ്ഞം -കളിയിക്കാവിള റോഡ് കെ.എസ്.ടി.പി ചെയ്തു വരുന്നു. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കരമന- കളിയിക്കാവിള (തിരുവനന്തപുരം ജില്ല) റോഡിന്റെ വീതി കൂട്ടുന്നതിന് വേണ്ടി ഒന്നാം ഘട്ടമായ കി.മി.570/000 - 582/000 വരെയുള്ള സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയ്ക്ക് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനു പണിക്കുവേണ്ടി കരാർ നൽകിയിരുന്നു. എന്നാൽ സ്ഥലവാസി കളുടെ എതിർപ്പ് കാരണം പണി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. നിരത്തുകളും, പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം എന്നീ വകുപ്പു കളുടെ വിശദ വിവരങ്ങൾ അനു ബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇത്തരം സാഹചര്യമുണ്ടായത് കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണോ എന്നത് പരിശോധി ച്ചിട്ടുണ്ടോ; | (ബി) ചില പ്രവൃത്തികൾ കരാറുകാ രുടെ വീഴ്ച മൂലം പൂർത്തിയാക്കാൻ കഴിയാതിരുന്നിട്ടുണ്ട്. അത്തരക്കാർക്കെ തിരെ കരാർ ഉടമ്പടി പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പണികളുടെ നടത്തിപ്പിന് സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന തിന് ഭംഗം വരു ത്തിയിട്ടുണ്ടോ ; | (സി) ഭംഗം വരുത്തിയിട്ടില്ല. |
| (ഡി) പ്രസ്തുത പണികൾ താമസംവിനാ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ